(ബി) ഈ ആക്രമണങ്ങൾമൂലം എത്ര വനപാലകർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(സി) ഈ ആക്രമണങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ആക്രമണവിധേയരായ വനപാലകർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) എട്ട് വനപാലകർക്കും മൂന്ന് ദിവസക്കൂലി വാച്ചർമാർക്കും പരിക്ക് പറ്റിയിട്ടുണ്ട്.

(സി) ഈ ആക്രമണങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 30 പ്രതികൾക്കെതിരെ മറയൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 16 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആക്രമണവിധേയരായ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേകമായി ആശ്വാസ നടപടികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. എല്ലാ സർക്കാർ ഉദ്യോഗസ്ഥൻമാർക്കും ലഭിക്കുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം മാത്രമാണ് ആക്രമണത്തിനിരയായ വനപാലകർക്കും ലഭിക്കുന്നത്.

ശാസ്താംകോട്ട കായലിന് ചുറ്റും വനവൽക്കരണം

94 [3349] *ശ്രീ. പി. ജെ. ജോയി:*

„ *കെ. സുധാകരൻ:*

„ *എം. മുരളി:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായലിന് ചുറ്റുമുള്ള സ്ഥലങ്ങളിൽ വനവൽക്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ ഇവിടെ ഏതെല്ലാം തരത്തിലുള്ള സസ്യങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടെ ഫലവൃക്ഷങ്ങളും, തേക്ക്, തേമ്പാവ് മുതലായ വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നു.

(ബി) മുള, ആഞ്ഞിലി, അക്കേഷ്യ, വെള്ളപൈൻ എന്നീ വൃക്ഷങ്ങളാണ് ഇവിടെയുള്ളത്.

(സി) തേക്ക്, തേമ്പാവ്, ചന്ദനം, മഹാഗണി എന്നീ വിവിധതരത്തിലുള്ള 52000 വൃക്ഷത്തൈകൾ ഈ മേഖലയിൽ വച്ചുപിടിപ്പിക്കുന്നതിന് വിതരണം ചെയ്തിട്ടുണ്ട്.

മത്സ്യബന്ധന ഉപകരണങ്ങൾ

95 [3350] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടലിൽനിന്നും പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; മത്സ്യമേഖലയിൽ അനുവദിക്കാവുന്ന പരമാവധി മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലുകളും സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദ മാക്കാമോ;

(ഡി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഘടനയെ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly